79 (1811) വട്ടപ്പാറ-നെടുമങ്ങാട് റൂട്ടിൽ ബസ്സ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ഏതെല്ലാം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും വട്ടപ്പാറ-നെടുമങ്ങാട് റൂട്ടിൽ ബസ്സ് ഓടിക്കുന്നുണ്ട്; എത്ര ബസ്സുകൾ; ഡിപ്പോ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട്-വട്ടപ്പാറ റൂട്ടിൽ കൂടുതൽ ബസ്സുകൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) നെടുമങ്ങാട്-വട്ടപ്പാറ-കേശവദാസപുരം-മെഡിക്കൽ കോളേജ് സർവ്വീസും നെടുമങ്ങാട്-പുങ്കുംമൂട്-വട്ടപ്പാറ ബസ്സ് സർവ്വീസും പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം സിറ്റി യൂണിറ്റിൽ നിന്നും 1-ഉം നെടുമങ്ങാട് യൂണിറ്റിൽ നിന്നും 5-ഉം ബസ്സുകൾ ഓടിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ബസ്സുകളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം തൽക്കാലം കഴിയുന്നില്ല.

80 (1812) മേപ്പയൂർ മണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെയധികം യാത്രാക്ലേശം അനുഭവപ്പെടുന്ന ഗ്രാമീണ മേഖലകളുള്ള മേപ്പയൂർ നിയോജക മണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതു സംബന്ധിച്ച് ഒരു വർഷത്തിനുള്ളിൽ എത്ര നിവേദനങ്ങൾ ഗവൺമെന്റിനു ലഭിച്ചിട്ടുണ്ട്;

(ബി) ഈ നിവേദനങ്ങളിൻമേൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) പുതിയ എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ടുകൾ മണ്ഡലത്തിൽ അനുവദിച്ചുത്തരവായിട്ടുണ്ട്;

(ഡി) ഇങ്ങനെ അനുവദിക്കപ്പെട്ട റൂട്ടുകളിൽ ബസ്സ് സർവ്വീസ് ആരംഭിക്കുവാൻ താമസം നേരിടാനുള്ള കാരണമെന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധമായി 8 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ രണ്ടു പുതിയ സർവ്വീസുകൾ അനുവദിച്ചിട്ടുണ്ട്.

(സി) രണ്ടെണ്ണം.

LIBRARY ARCHIVES Kerala Legislative Assembly